# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 5230 26.03.2018-ൽ മറുപടിക്ക്

## സർവ്വ ശിക്ഷാ അഭിയാൻ പ്രവർത്തനങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ. കാരാട്ട് റസാഖ്
ശ്രീ. ഡി.കെ. മുരളി
ശ്രീ.ഒ.ആർ.കേളു

പ്രൊഫ: സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി രൂപീകരണത്തിനായി സ്കൂൾ തലങ്ങളിലും പഞ്ചായത്ത്, ജില്ലാ തലങ്ങളിലും ചർച്ചകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ?

എ) സർവ്വശിക്ഷാ അഭിയാൻ പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി രുപീകരണത്തിനായി ഓരോ വർഷവും പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി സ്കൂൾ തലങ്ങളിലും , പഞ്ചായത്ത്, ജില്ലാ തലങ്ങളിലും ചർച്ചകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്. ഈ ചർച്ചകളിലും ശില്പശാലകളിലും ഉയർന്നു വരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഒക്കെ ക്രോഡീകരിച്ചുകൊണ്ട ാണ് എസ്. എസ്. എയുടെ വാർഷിക പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കുന്നത്. ടി പ്രൊപ്പോസൽ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് കേന്ദ്രത്തിന് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ബി) സ്കൂളുകളിലെ ശൗചാലയങ്ങൾ, കുടിവെള്ള സൗകര്യം, അറ്റകുറ്റപ്പണികൾ, ജീർണ്ണിച്ച കെട്ടിടങ്ങളുടെ പുനർ നിർമ്മാണം തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

ബി) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സിവിൽ വർക്ക് എന്ന ശീർഷകത്തിലും സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് തുടങ്ങിയ ശീർഷകത്തിലും തുക സ്കൂളുകൾക്ക് അനുവദിക്കാറുണ്ട് സിവിൽ വർക്കിൽ തെരഞ്ഞെടുത്ത സ്കൂളുകൾക്കാണ് തുക അനുവദിക്കാറുള്ളത്. 2018-19 വർഷവും ഇത്തരം പദ്ധതികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.

സി) രക്ഷിതാക്കൾക്ക് പ്രത്യേകിച്ച് അമ്മമാർക്കും പ്രാദേശിക ഭരണകൂടങ്ങളിലെ ജനപ്രതിനിധികൾക്കും വിദ്യാഭ്യാസ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനം സംഘടിപ്പിക്കാൻ എസ്.എസ്.എ. പ്രകാരം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സി) രക്ഷിതാക്കൾക്കായി വിദ്യാഭ്യാസ വിഷയങ്ങളുമായി ബന്ധപ്പെട്ട് എസ്.എസ്.എയുടെ നേതൃത്വത്തിൽ പ്രാദേശിക ഭരണകൂടങ്ങളിലെ ജനപ്രതിനിധികളെകൂടി ഉൾപ്പെടുത്തി ക്ലാസ് പി.ടി.എ , കോർണർ പി.ടി.എ, രക്ഷാകർതൃവിദ്യാഭ്യാസം, രക്ഷാകർത്താക്കൾക്കായി പ്രത്യേകം തയ്യാറാക്കിയ ലഘുലേഖകൾ, ' അമ്മവായന,' 'അമ്മക്കൂട' , 'മദർ പി.ടി.എ ' എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ